(സി) സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവരുടെ പ്രൊമോഷൻ നടപടികൾ അടിയന്തരമായി ആരംഭിക്കുമോ ;

(ഡി) സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള പോലീസ് ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സി.ഐ.-മാരുടെ ഒഴിവുകൾ നിലവിലില്ല. ഡിവൈ.എസ്.പി.-മാരുടെ 22 ഒഴിവുകൾ നിലവിലുണ്ട്.

(ബി) സി.ഐ., ഡിവൈ.എസ്.പി. സെല്ക്ട് ലിസ്റ്റ് നിലവിലില്ല.

(സി&ഡി) ആരംഭിച്ചിട്ടുണ്ട്. സി.ഐ.-മാരുടെയും ഡിവൈ.എസ്.പി.-മാരുടെയും നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കെ.എ.പി.നാലാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തിക

91(5677) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ ആകെ എത്ര പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയാണുള്ളത് ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) 45

(ബി) 9

(സി) 8 ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. ഒരു ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എസ്.സി. കാറ്റഗറിയിൽ നികത്തുന്നതിന് മാറ്റിയിട്ടിരിക്കുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly